# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1704
### 18.06.2012 - ലെ മറുപടിയ്ക്ക്

### വിദ്യാഭ്യാസ വായ്പകളുടെ പലിശ ബാധ്യത

| ക്രമ നമ്പർ | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. സി.കെ. നാണു<br>ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. കെ.എം. മാണി<br>(ബഹുമാനപ്പെട്ട ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| *(എ)* | 2003 മുതൽ 2009 വരെയുള്ള വിദ്യാഭ്യാസ വായ്പകളുടെ പലിശ ബാധ്യത സർക്കാർ ഏറ്റെടുക്കുമെന്ന കഴിഞ്ഞ ബജറ്റിലെ പ്രഖ്യാപനത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; | ഉണ്ട് |
| *(ബി)* | എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | 2004 മുതൽ 2009 വരെയുള്ള കാലയളവിൽ വായ്പയെടുക്കുകയും വിദ്യാഭ്യാസത്തെ തുടർന്ന് ജോലി കിട്ടാത്തതുമൂലം അവശത അനുഭവിക്കുന്നവരുമായ BPL വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ കാലത്തെ പലിശ ബാധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതാണെന്ന 2012 - 13 ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബാങ്കുകളുമായി ആലോചിച്ച് ഒരു സ്കീം തയ്യാറാക്കുന്നതിനും സർക്കാർ മുഖേന സ്വീകരിച്ചിട്ടുള്ള റിക്കവറി നടപടികളും ബാങ്കുകൾ നേരിട്ട് സ്വീകരിച്ചിട്ടുള്ള റിക്കവറി നടപടികളും അടുത്ത 6 മാസത്തേയ്ക്ക് നിർത്തിവയ്ക്കുവാൻ ബാങ്കുകളോട് ആവശ്യപ്പെടുവാനും |

| | | |
|---|---|---|
| | | 28.03.2012 – ലെ മന്ത്രിസഭായോഗത്തിൽ തീരുമാനിക്കുകയും അതിന്റെ ആദ്യപടിയെന്ന നിലയിൽ സർക്കാർ മുഖേന സ്വീകരിച്ചിട്ടുള്ള റിക്കവറി നടപടികളും ബാങ്കുകൾ നേരിട്ട് സ്വീകരിച്ചിട്ടുള്ള റിക്കവറി നടപടികളും അടുത്ത 6 മാസത്തേയ്ക്ക് നിർത്തി വയ്ക്കാൻ 10.04.2012 – ലെ സ.ഉ.(സാധാ)നം.132/12/പ്ളാനിംഗ് പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതു കൂടാതെ 'Committee on Higher Education Loan' 12.04.2012 – ൽ യോഗം ചേരുകയും 28.03.2012 – ലെ മന്ത്രിസഭായോഗ തീരുമാനം നടപ്പിലാക്കുന്നതിന് സ്വീകരിക്കേണ്ട പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**